**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1105** **10-08-2023 - ൽ മറുപടിയ്ക്ക്**

**നീലേശ്വരം പാലായി വളവിലെ റെഗുലേറ്റർ കം ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 65 കോടി രൂപ ചെലവിൽ നീലേശ്വരം നഗരസഭയിലെ പാലായി വളവിൽ നിർമ്മിച്ച റെഗുലേറ്റർ കം ബ്രിഡ്ജിന് (ഉപ്പ് വെള്ളം നിരോധിത ബണ്ടോട്ടു കൂടിയ പാലം) മുകൾ ഭാഗത്ത് ഉപ്പ് വെള്ളം കലരുന്നത് മൂലം കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ? | (എ) | നീലേശ്വരം നഗരസഭയിലെ പാലായി വളവിൽ നിർമ്മിച്ച റെഗുലേറ്റർ കം ബ്രിഡ്ജിന്റെ (ഉപ്പുവെള്ള പ്രതിരോധ ബണ്ടോട്ടുകൂടിയ പാലം) നിർമ്മിതിയിൽ ഉപ്പുവെള്ള പ്രതിരോധത്തിനായി ഇരുമ്പ് ഷട്ടറുകളാണ് നിർമ്മിച്ചിട്ടുള്ളത്. ഷട്ടറുകളും അനുബന്ധ സജ്ജീകരണങ്ങളും പൂർണ്ണമായും ജലസേചന വകുപ്പിന് കീഴിലുള്ള മെക്കാനിക്കൽ വിഭാഗത്തിന്റെ മേൽ നോട്ടത്തിലാണ് ചെയ്തിട്ടുള്ളത്. ഉപ്പുവെള്ളം മുകളിലേക്ക് കയറിയതുമായി ബന്ധപ്പെട്ട് ഷട്ടറുകളിൽ ഏതെങ്കിലും തരത്തിലുള്ള ന്യൂനതകൾ ഉണ്ടോ എന്ന് മെക്കാനിക്കൽ വിഭാഗം മെയ് മാസത്തിൽ പരിശോധന നടത്തിയിരുന്നു. നിലവിലെ മഴ കുറയുന്ന മുറയ്ക്ക് ഷട്ടറുകൾ വിശദമായി പരിശോധിച്ച് ന്യൂനതകൾ പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ